# റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ മറുപടി തൃപ്തികരമാണെന്ന് തോന്നുന്നു. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട കെ. എം. മാണി ഉയർത്തിയ കാര്യങ്ങൾ ബില്ലിന്റെ ചർച്ചാവേളയിൽ നമുക്ക് ഭേദഗതി അവതരിപ്പിച്ചു കൊണ്ട് സംസാരിക്കാവുന്നതാണ്. പിന്നെ ഭരണഘടനാ ഭേദഗതി കൊണ്ടുവരുകയാണെങ്കിൽ ആ സമയത്ത് നമുക്ക് വീണ്ടും ഇതുപോലെ തന്നെ സഭ ചേർന്നുകൊണ്ട് നിയമമാക്കാവുന്നതാണ്. അതുകൊണ്ട് ഒബ്ജക്ഷൻസ് നിലനിൽക്കുന്നതല്ല. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ ഞങ്ങൾ ഉന്നയിച്ച തടസ്സവാദങ്ങളിലെ ആശങ്ക അങ്ങും പങ്കുവയ്ക്കുകയുണ്ടായി. പ്രതിപക്ഷം പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ സംവരണത്തെ അനുകൂലിക്കുകയാണ്. പഞ്ചായത്തുകളിലും നഗര സ്വയംഭരണ സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് 50 ശതമാനം സംവരണം വേണമെന്നുള്ള ഭരണഘടനാ ഭേദഗതി കേന്ദ്രത്തിലെ യു.പി.എ. ഗവൺമെന്റിന്റെ നൂറ് ദിവസത്തെ കർമ്മ പരിപാടിയിലെ പ്രധാനപ്പെട്ട ഇനമാണ്. കേന്ദ്ര ക്യാബിനറ്റ് ചേർന്ന് ആ ഭേദഗതികളുടെ ഡ്രാഫ്റ്റ് അംഗീകരിച്ച് കഴിഞ്ഞിരിക്കുകയാണ്. വനിതാ സംവരണം വർദ്ധിപ്പിക്കാനുള്ള ഇടതുപക്ഷ മുന്നണിയുടെ ആകാംക്ഷയാണ് ഇതിന്റെ പിന്നിലെന്ന് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-ന്റെ കഴിഞ്ഞ 15-ാം ലോകസഭാ തെരഞ്ഞെടുപ്പിന്റെ മാനിഫെസ്റ്റോയാണ് എന്റെ കയ്യിലിരിക്കുന്നത്. ഞാൻ മാനിഫെസ്റ്റോ മറിച്ചു നോക്കി. മാനിഫെസ്റ്റോയിൽ ഒരിടത്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ സംവരണം വർദ്ധിപ്പിക്കുമെന്നുള്ള ഒരു പരാമർശംപോലും നടത്തിയിട്ടില്ല. മാർക്സിസ്റ്റ് പാർട്ടിക്ക് അങ്ങനെയൊരു സമീപനമുണ്ടെങ്കിൽ മാനിഫെസ്റ്റോയിൽ പറയുമായിരുന്നു. അപ്പോൾ ഇന്ന് യു.പി.എ. ഗവൺമെന്റ് മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തിയ ഒരു കാര്യം നിയമമാക്കാൻ പോകുന്ന അവസരത്തിൽ ആ നിയമത്തിന്റെ ഖ്യാതി തട്ടിയെടുക്കാൻവേണ്ടി നിങ്ങൾ, ഓടുന്ന നായ്ക്ക് ഒരു മുഴം മുമ്പേ നീട്ടി എറിഞ്ഞിരിക്കുകയാണ്. എങ്കിലും ഞങ്ങൾ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ നിയമത്തിന്റെ ഉദ്ദേശശുദ്ധിയിൽ സംശയം ഉണ്ടെങ്കിലും ഇത് ഞങ്ങളുടെ ബേബിയാണ്. ഇതിന്റെ പിതൃത്വം യു.പി.എ.-ക്കും കോൺഗ്രസ്സിനുമാണ്. ഞങ്ങൾ ഈ ബില്ലിന്റെ ഒന്നാം ഭാഗത്തെ അനുകൂലിക്കുകയാണ്. ഇവിടെ ഞങ്ങളുടെ ഭയപ്പാട് ഭരണഘടനാഭേദഗതി വരുമ്പോൾ പാസ്സാക്കുന്ന നിയമത്തിന് അനുകൂലമാകാത്ത വ്യവസ്ഥകൾ ആ ഭേദഗതിയിൽ ഉണ്ടെങ്കിൽ നമ്മൾ വീണ്ടും സഭ സമ്മേളിച്ച് മാറ്റം വരുത്തേണ്ടി വരും.

ശ്രീ. പി. ജയരാജൻ: സർ, അധികാര വികേന്ദ്രീകരണം നടപ്പിലാക്കിക്കൊണ്ടുള്ള ഭരണഘടനാഭേദഗതി വന്നപ്പോൾ നിങ്ങൾ അവകാശപ്പെട്ടത് ഇതൊക്കെ ഞങ്ങളുടെ ബേബിയാണ്; ഞങ്ങളുടെ കുട്ടിയാണ് എന്നൊക്കെയാണ്. പക്ഷേ ഞങ്ങളുടെ കുട്ടി എന്നു പറയുന്നത് പല സംസ്ഥാനങ്ങളിലും കടലാസ്സിൽ മാത്രമേയുള്ളൂ. ഇന്ത്യയിലെ

LIBRARY ARCHIVES Kerala Legislative Assembly